# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1813/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 15.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1813/2017 തീയതി – 15.11.2017

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.11.16 മുതൽ 19.9.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.9.2017 മുതൽ 26.9.2017 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈനി.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഡാനിഷ് .എ.സെഡ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സോളി ജോസഫ്. | 01.04.16 മുതൽ 31.3.17വരെ |
| സെക്രട്ടറി | ശ്രീ.രവീന്ദ്രൻ.എൻ | 01.04.16 മുതൽ 31.03.17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | വിലാസം |
| അസി.സെക്രട്ടറി | ശ്രീ.പി.ജിനചന്ദ്രൻ | 01.04.16 മുതൽ 31.03.17വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.ഗോകുൽ പ്രസാദ്.എം | 01.04.16 മുതൽ 31.12.16 വരെ |
| | ശ്രീ.ജോസ് കുര്യാക്കോസ് | 01.01.17 മുതൽ 31.03.17വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.പത്മാവതി.കെ | 01.04.16 മുതൽ 31.03.17വരെ |
| അഗ്രി.ഓഫീസർ | ശ്രീമതി.ജിഷ.പി ജി | 01.04.16 മുതൽ 31.03.17വരെ |
| മെഡി.ഓഫീസർ(പിഎച്ച്സി) | ഡോ:നൈസി തോമസ് | 01.04.16 മുതൽ 31.03.17വരെ |
| വെറ്റിനറി ഡോക്ടർ | ഡോ:ഡിജേഷ് ഉണ്ണികൃഷ്ണൻ | 01.04.16 മുതൽ 31.03.17വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സാദിഖ് അലി.കെ.പി | 01.04.16 മുതൽ 31.03.17വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പ്രദീപ് കുമാർ. | 01.04.16 മുതൽ 31.03.17വരെ |
| മെഡി.ഓഫീസർ(ഹോമിയോ) | ഡോ:സീമ.കെ | 01.04.16 മുതൽ 31.03.17വരെ |

ഉള്ളടക്കം


| ക്രമ.നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം - 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 5 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം - 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| 12 | 2-2 | വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് വരാതിരിക്കാൻ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ പ്ലിന്ത് ഏരിയയിൽ കുറവ് വരുത്തുന്നു |
| 13 | 2-3 | .ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയി നത്തിൽ നഷ്ടം |

| | | |
|---|---|---|
| 14 | 2-4 | തൊഴിൽ നികുതി - അപാകതകൾ |
| 15 | 2-5 | നാച്വർ പാർക്കിന്റെ അംഗീകാരം ഹൈക്കോടതി വിധിക്കനുസരിച്ച് തീരുമാനിക്കണം |
| 16 | 2-6 | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ - അപാകത |
| ഭാഗം -3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | കോൺക്രീറ്റ് റോഡ് അധിക കനത്തിൽ ചെയ്തു- പഞ്ചായത്തിന് നഷ്ടം |
| 18 | 3-2 | കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധികനിരക്ക് അനുവദിച്ചു. |
| 19 | 3-3 | ടെൻഡർ പ്രവൃത്തികൾ പഞ്ചായത്തിന് ലാഭമായിട്ടും, കൺവീനർ പ്രവൃത്തികൾക്ക് പഞ്ചായത്ത് പ്രാധാന്യം നൽകുന്നു. |
| 20 | 3-4 | ടെൻഡറിൽ കുറവ് രേഖപ്പെടുത്തിയിട്ടും കരാറുകാരന് എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു |
| 21 | 3-5 | ഔദ്യോഗിക ജീപ്പിൽ സഞ്ചരിച്ച് മുഴുവൻ യാത്രാപ്പടി കൈപ്പറ്റി |
| 22 | 3-6 | തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ |
| 23 | 3-7 | പാർട്ട് ടൈം സ്വീപ്പർമാർക്ക് യൂണിഫോം ഫുട്ട് വെയർ അലവൻസ് |
| 24 | 3-8 | പഞ്ചായത്ത് ഓഫീസ് ഫർണിച്ചർ വാങ്ങൽ - ടെണ്ടർ നടപടികളിലെ നിയമാനുസൃത നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 25 | 3-9 | തെരുവു വിളക്ക് റിപ്പയർ - അപാകതകൾ |
| 26 | 3-10 | ഖരമാലിന്യ നിർമാർജ്ജനം - തുക നല്കിയപ്പോൾ നിയമാനുസൃത നികുതികൾ ഈടാക്കിയില്ല |
| 27 | 3-11 | കാഡ്കോയിൽ നിന്നും സ്വകാര്യ കമ്പനിയുടെ ഉൽപ്പന്നം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങി |
| 28 | 3-12 | വസ്തു നികുതി ഡാറ്റാബേസ് കമ്പ്യൂട്ടർ വൽക്കരണം - ജീവനക്കാർക്ക് ഡാറ്റാ എൻട്രിക്കും പിഴവുകളുള്ള വെരിഫിക്കേഷൻ നടത്തിയതിനും തുക നൽകി |
| 29 | 3-13 | മുൻകൂർ നൽകിയത് 4 വർഷത്തോളമായിട്ടും ക്രമീകരിച്ചിട്ടില്ല |

| | | |
|---|---|---|
| 30 | 3-14 | ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടി ക്രമപ്രകാരമല്ല |
| 31 | 3-15 | തൊഴിലുറപ്പ് പദ്ധതി - വാറ്റ് ഈടാക്കിയതിൽ കുറവ് |
| 32 | 3-16 | വിവിധ പദ്ധതികൾക്ക് പണമടവാക്കി - വിനിയോഗ/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കാത്തത് |
| 33 | 3-17 | വിശദമായ വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 37 | 4-4 | വായ്പ / വായ്പ തിരിച്ചടവ് |
| 38 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 41 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 43 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 28.3.2017 തിയതിയിലെ 59/17 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് തയ്യാറാക്കിയത് വാർഷിക ധനകാര്യപത്രികയിൽ അവലംബിച്ച ശീർഷകപ്രകാരമല്ലാത്തതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 23.07.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധം കാണുക

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10020179.25 |
| വരവ് | 48377964.00 |
| ആകെ | 58398143.25 |
| ചെലവ് | 45062445.00 |
| നീക്കിയിരിപ്പ് | 13335698.25 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13021716 | 13021716 | 10077595 | 2944121 | 77 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1426890 | 1426890 | 926890 | 500000 | 65 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1015230 | 1015230 | 1015008 | 222 | 99.99 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11352135 | 11352135 | 8358841 | 2993294 | 74 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3416982 | 3416982 | 1083814 | 2333168 | 32 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7301901 | 7301901 | 4380105 | 2921796 | 60 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5835732 | 5835732 | 4521741 | 1313991 | 77 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1209 | 22344220 | 22344220 | 22341003 | 3217 | 99.99 |
| ബി ഫണ്ട് | 0 | 24477555 | 24477555 | 24477555 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 5141928 | 103 | 1083814 | 9 | 71 | 51.36 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2809791 | 3706626 | (+)896835 |
| നികുതിയേതര വരവുകൾ | 573974 | 825345 | (+)251371 |
| ആകെ | 3383765 | 4531971 | (+)1148206 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91560 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 3633590 | 348 |
| വിധവാപെൻഷൻ | 6513570 | 568 |
| വാർദ്ധക്യകാലപെൻഷൻ | 11903425 | 1022 |
| വികലാംഗപെൻഷൻ | 2023760 | 164 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 161650 | 45 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.9.2017 ന് രാവിലെ 10 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 130 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.6.17 | ജൂലായ് 2017-18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.6.17 മുതൽ 14.6.17വരെ | 2012-13 മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ചില നികുതികളുടെ കാര്യത്തിൽ രജിസ്റ്ററുകളിലെ ഡിമാന്റ് , കലക്ഷനം, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷത്തെ വസ്തു നികുതി ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 2028399 രൂപയും സഞ്ചയ പ്രകാരം 2044344 രൂപയുമാണ്. ബാലൻസ് യഥാക്രമം 234530 രൂപയും 139526 രൂപയുമാണ്.

വസ്തു നികുതി കുടിശ്ശിക വരവ് വാർഷിക കണക്ക് പ്രകാരം1039071 രൂപയും സഞ്ചയ പ്രകാരം 945087 രൂപയുമാണ്. ബാലൻസ് യഥാക്രമം 176501 രൂപയും 89949 രൂപയുമാണ്.

തൊഴിൽ നികുതി (എംപ്ലോയീസ്) വരവ് വാർഷിക കണക്ക് പ്രകാരം 775340 രൂപയും രജിസ്റ്റർ പ്രകാരം 764910രൂപയുമാണ്. ട്രേഡേഴ്സ് വരവ് വാർഷിക കണക്ക് പ്രകാരം 266230 രൂപയും രജിസ്റ്റർ പ്രകാരം 269330 രൂപയുമാണ്.

2) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർക്ക് ചെക്ക് ആയി ലഭിച്ച തുക 327691 രൂപയാണെങ്കിൽ വാർഷിക ധനകാര്യപത്രികയിൽ ഇത് 658226 രൂപയാണ്. വ്യത്യാസം എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല. RTGS ആയി തുക കൈമാറിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. കൂടാതെ പത്രികയിലെ ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ ഗ്രാമ പഞ്ചായത്തിന്റെ കണക്കുകൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. തനത് ഫണ്ടിൽ നിന്നുമുള്ള പ്രവൃത്തികളുടെ നികുതികൾ അടവാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5) തനത് ഫണ്ടിനായി ചേളന്നൂർ സർവീസ് സഹകരണബാങ്കിൽ സൂക്ഷിക്കുന്ന അക്കൗണ്ടിൽ പാസ് ബുക്കും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം പൊരുത്തപ്പെടുത്തിയതിൽ ഒരു വർഷം മുമ്പ് 2015 മാർച്ച് മാസത്തിൽ നൽകിയ ചെക്ക് അൺ ക്രെഡിറ്റഡായി കാണിച്ചു

8) ഓഡിറ്റ് റിക്കവറിയിനത്തിൽ 13748/- രൂപയാണ് വരവുണ്ടെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല.

9) ബസ് സ്റ്റാൻഡ് ഫീ ഇനത്തിൽ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ 9100/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ചു.

10) ബാലൻസ് ഷീറ്റിലെ ബി9 പത്രിക പ്രകാരം 2017 മാർച്ചിൽ ശമ്പളമായി നൽകാനുള്ള തുകയായി കാണിച്ചത് 368511 രൂപയാണ്. എന്നാൽ യഥാർത്ഥ വൗച്ചർ പ്രകാരം ഈ തുക 295744 രൂപ. മാത്രമാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് വരാതിരിക്കാൻ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ പ്ലിന്ത് ഏരിയയിൽ കുറവ് വരുത്തുന്നു

വസ്തുനികുതി പരിഷ്കരണത്തിന്റെയും കമ്പ്യൂട്ടറൈസേഷന്റേയും ഭാഗമായി എല്ലാ ഡിമാന്റുകളും, സഞ്ചയയിൽ എൻട്രി വരുത്തേണ്ടതുണ്ട്. ഇങ്ങനെ നിലവിലുള്ള ഡിമാന്റുകൾ സഞ്ചയയിൽ എൻട്രി വരുത്തുമ്പോൾ വിസ്തീർണ്ണത്തിൽ കുറവ് വരുത്തിയാൽ നികുതി പരിഷ്കരണത്തിന്റെ വർദ്ധനവ് വരാതെ പഴയ നികുതിയിൽ തന്നെ നിൽക്കുന്നു.

പുതിയ നികുതിദായകർക്ക് 14.01.2011 മുതലും, നിലവിലുള്ള നികുതിദായകർക്ക് 2013-14 വർഷം മുതലുമാണ് പരിഷ്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വന്നത്. എന്നാൽ 14.01.2011 മുതൽ 31.3.2013 വരെയുള്ള കാലയളവിലെ നികുതിദായകരെ നിലവിലുള്ള നികുതിദായകരാക്കി കണക്കാക്കിയാൽ അവർക്ക് നിലവിലുള്ള നികുതിയുടെ പരമാവധി 25% വരെ മാത്രമേ വർദ്ധന നൽകാൻ പാടുള്ളൂ. ഇങ്ങനെ നികുതി കണക്കാക്കിയാൽ ഗ്രാമപഞ്ചായത്തിന് ആ കാലയളവിലെ നികുതിദായകരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ നികുതി ഈടാക്കാൻ കഴിയാതിരിക്കുകയും പകരം നാമമാത്ര വർദ്ധന മാത്രമായിരിക്കും ഉണ്ടാവുകയും ചെയ്യുക.

2011- 12, 2012-13 വർഷങ്ങളിൽ നിർമ്മിക്കപ്പെടുന്ന പുതിയ കെട്ടിടങ്ങൾക്ക് ആ സമയത്ത് വാർഷിക വാടക കണക്കാക്കിയാണ് നികുതി ചുമത്തുന്നതെങ്കിലും പിന്നീട് വിസ്തീർണ്ണം കണക്കാക്കി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇത്തരം പരിഷ്കരണം സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയാണ് ചെയ്യുന്നത്.

2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ നമ്പർ നൽകി നികുതി ഡിമാൻറ് ചെയ്ത ചില കെട്ടിടങ്ങളുടേത് സഞ്ചയയിൽ വിസ്തീർണ്ണം ചുരുക്കിയാണ് കാണിച്ചത്. ചില വ്യത്യാസങ്ങൾ ചുവടെ കൊടുക്കുന്നു :-

| ക്രമ നം | കെട്ടിടം നം | പേര് വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഈടാക്കിയ നികുതി | സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയ വിസ്തീർണ്ണം, നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|---|
| 1 തറനില | 9/1482 | ജോർജ്, ത്രേസ്യാമ്മ ജോർജ്, ജോസ് ജോർജ് | 22.67M2 വാണിജ്യം | 357 | 15 M2 - 680 | തറനില – 90.68x50 + 20% വർദ്ധനവ് =4534+906.8=5441<br>ഒന്നാം നില – 198.9x50 + 20% വർദ്ധനവ് - 5%കുറവ്= 9945+1989-597=11337<br>ആകെ - 11337 + 5441 =16778 |
| | 9/1483 | | 22.67 | 357 | 15 M2 - 540 | |
| | 9/1484 | | 22.67 | 357 | 15 M2 - 540 | |
| | 9/1485 | | 22.67 | 357 | 15 M2 - 495 | |
| ഒന്നാം നില | 9/1486 | | 31.15 | 490 | 15 M2 - 613 | |
| | 9/1487 | | 66.30 | 1044 | 15 M2 - 1305 | |
| | 9/1488 | | 33.15 | 522 | 15 M2 - 653 | |
| | 9/1489 | | 33.15 | 522 | 15 M2 – 653 | |
| | 9/1490 | | 33.15 | 522 | 15 M2 - 653 | |
| | | Total | 287.58 M2 | 4528 | 135 M2 -6132 | |
| | ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 287.58 ച മീ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | വിസ്തീർണ്ണം ഉണ്ടെങ്കിലും സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണം കുറച്ച് 135M2മാത്രമേ കാണിച്ചുള്ളൂ. 9/1485നം. മുറിക്ക് 10 വർഷം മുതൽ 25 വർഷം വരെ കാലപ്പഴക്കം കാണിച്ചിട്ടാണ് സഞ്ചയയിൽ നികുതി നിർണ്ണയിച്ചത്. കൂടാതെ നികുതിയും കുറച്ച് കാണിച്ചു. ഇതു പ്രകാരം കുറവ് വന്ന നികുതി 10646 രൂപയാണ്. (16778-6132) = 10646 | | | | | |
| 2 തറനില | 14/515A | ഹുസൈൻബാവ, പുന്നശ്ശേരി | 37.81 M2 | 939 | 31.3 M2 - 1127 | തറനില – 75.62x50 + 20% വർദ്ധനവ് =3781+756=4537 ഒന്നാം നില – 75.62x50 + 20% വർദ്ധനവ് - 5%കുറവ്= 3781+756.2-227 = 4310 ആകെ - 4537 + 4310 =8847 |
| | 14/515B | | 37.81 | 939 | 31.3 M2 - 1127 | |
| ഒന്നാം നില | 14/515D | | 37.81 | 893 | 31.3 M2 - 1071 | |
| | 14/515E | | 37.81 | 893 | 31.3 M2 - 1071 | |
| | | Total | 151.24 M2 | 3664 | 125.2 M2- 4396 | |
| | ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 151.24 ച മീ വിസ്തീർണ്ണം ഉണ്ടെങ്കിലും സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണം കുറച്ച് 125.2M2മാത്രമേ കാണിച്ചുള്ളൂ. ഇതു പ്രകാരം കുറവ് വന്ന നികുതി 4451 രൂപയാണ്. (8847-4396) = 4451 | | | | | |
| 3 | 5/132 | ഷിജി തൊട്ടിക്കൽ | 338.3 M2 | 3553 | 99.6 M2 - 1289 | 338.3x15 – 30%കുറവ്= 5074.5-1522.35 = 3553 |
| | ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പ്രകാരം 338.3 ച മീ വിസ്തീർണ്ണം ഉണ്ടെങ്കിലും സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണം കുറച്ച് 99.6M2മാത്രമേ കാണിച്ചുള്ളൂ. ഇതു പ്രകാരം കുറവ് വന്ന നികുതി 2264 രൂപയാണ്.(3553-1289=2264) | | | | | |
| | ആകെ കുറവ് വന്ന തുക | | | | | 17361രൂപ |

ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ നിന്ന് നികുതി കണക്കാക്കാൻ സാംഖ്യയിൽ ഡാറ്റാ എൻട്രി നടത്തിയപ്പോൾ കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറച്ച് കാണിക്കുകയാണ് ചെയ്തത് . കൂടാതെ, ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഉള്ള വിസ്തീർണ്ണം തന്നെയാണോ ഉൾപ്പെടുത്തിയതെന്ന് വ്യകതമല്ല. സഞ്ചയയിൽ നടത്തുന്ന ബേസ് ഡാറ്റാ എൻട്രി അനുസരിച്ചാണ് ഭാവിയിൽ ഈ കെട്ടിട ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നത്. ഇത്തരത്തിൽ ചില കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ മേൽപ്പറഞ്ഞ കുറവ് വരുത്തി ഡാറ്റാ എൻട്രി നടത്തിയത് ഗുരുതരമായ ക്രമക്കേടാണ്. ഡാറ്റാ എൻട്രി നടത്തിയത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ട ക്ലാർക്കുമാർ ഉത്തരവാദിത്തം നിർവ്വഹിച്ചില്ല എന്നും കാണാം. ഇങ്ങനെ വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. വസ്തുനികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് പുന:പരിശോധിക്കേണ്ടതാണ്. 2012-13 വർഷം മുതലാണ് ഈ നികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത്. അത് മുതൽ 2016-17 വർഷം വരെ ഈ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഈയിനത്തിൽ സംഭവിച്ച നഷ്ടം നിർണ്ണയിച്ച് ഈടാക്കി വിവരം പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## **2-3** ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിക്കുന്നതിലൂടെ വസ്തു നികുതിയിനത്തിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2

(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.(വിജ്ഞാപനം ഹാജരാക്കിയിട്ടില്ല).

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്ന് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണ്ണം(ച.മീ) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി | ഒരേ നമ്പർ നൽകിയിരുന്നെങ്കിൽ നികുതി | ഒരു കെട്ടിടത്തിന്മേൽ വന്ന നഷ്ടം |
|---|---|---|---|---|---|---|
| സജ്ന.പി, എം.പി.ഹൗസ്, കൊഴക്കോട്ടൂർ | തറനില | | | | | |
| | 7/230B | 17.33m2 | 30 | 624 | 51.99x50+ 20% വർദ്ധനവ് = 3120 | |
| | 7/230C | 17.33m2 | 30 | 624 | | |
| | 7/230D | 17.33m2 | 30 | 624 | | |
| | ഒന്നാം നില | | | | | |
| | 7/230E | 23.33m2 | 30 | 798 | 69.99x50+ 20% വർദ്ധനവ്-5% ഇളവ് = 3989 | |
| | 7/230F | 23.33m2 | 30 | 798 | | |
| | 7/230G | 23.33m2 | 30 | 798 | | |
| | ആകെ | 121.98 | | | | |
| | 20% വർദ്ധനവിനും 5% ഇളവിനും ശേഷമുള്ള നികുതി | | | 4266 | 7109 | 2843 |
| ബിജു.കെ.എം, | തറനില | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | 12/527C | 16.2m2 | 30 | 584 | | |
| | 12/527D | 16.2m2 | 30 | 584 | | |
| | 12/527E | 16.2m2 | 30 | 584 | | |
| | 12/527F | 16.2m2 | 30 | 584 | | |
| | 12/527G | 16.2m2 | 30 | 584 | 162x50+ 20% വർദ്ധനവ് = 8100+1620= 9720 | |
| | 12/527H | 16.2m2 | 30 | 584 | | |
| കരിക്കാട്ടിൽ | 12/527J | 16.2m2 | 30 | 584 | | |
| | 12/527K | 16.2m2 | 30 | 584 | | |
| | 12/527L | 16.2m2 | 30 | 584 | | |
| | 12/527M | 16.2m2 | 30 | 584 | | |
| | ആകെ | 162m2 | | | | |
| | 20% വർദ്ധനവിനു ശേഷമുള്ള നികുതി | | | 5840 | 9720 | 3880 |
| | ഒന്നാം നില | | | | | |
| | 12/527N | 16.2m2 | 30 | 555 | | |
| | 12/527P | 16.2m2 | 30 | 555 | | |
| | 12/527R | 16.2m2 | 30 | 555 | | |
| സൗമ്യ മനോജ്, പൊട്ടനാനിക്കൽ | 12/527S | 16.2m2 | 30 | 555 | | |
| | 12/527T | 16.2m2 | 30 | 555 | 210.6x50+ 20% വർദ്ധനവ്-5% ഇളവ് = 12636-632= 12004 | |
| | 12/527U | 16.2m2 | 30 | 555 | | |
| | 12/527V | 16.2m2 | 30 | 555 | | |
| | 12/527W | 16.2m2 | 30 | 555 | | |
| | 12/527X | 16.2m2 | 30 | 555 | | |

| | | | | | | |
|---|---|---|---|---|---|---|
| | 12/527Y | 16.2m2 | 30 | 555 | | |
| | 12/527Z | 16.2m2 | 30 | 555 | | |
| | 12/527A1 | 16.2m2 | 30 | 555 | | |
| | 12/527A2 | 16.2m2 | 30 | 555 | | |
| | ആകെ | 210.6m2 | | | | |
| | 20%വർദ്ധനവിനം 5% ഇളവിനം ശേഷമുള്ള നികുതി | | | 7215 | 12004 | 4789 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം നിലവിൽ വന്ന ശേഷം ഗ്രാമപഞ്ചായത്തിൽ പണി പൂർത്തിയായ 100 ചതുരശ്ര മീറ്ററിലധികം തറവിസ്തീർണമുള്ള മുഴുവൻ പാർപ്പിടേതര കെട്ടിടങ്ങൾക്കും നികുതി നിർണയിച്ചത് പുന:പരിശോധിച്ച് കുറവ് വന്ന നികുതി നികുതിദായകരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1.കൂടരഞ്ഞി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ജൂനിയർ ക്ലാർക്ക് മാരായ ശ്രീ.ജിമ്മി ജോസ്, ശ്രീ.സ്റ്റാൻലി.കെ. ചെറിയാൻ എന്നിവരിൽ നിന്നും അർദ്ധ വാർഷിക വരുമാനമായി റിട്ടേണിൽ കാണിച്ചത്136656 രൂപയാണ് മേൽ ജീവനക്കാരിൽ നിന്നും 1250 രൂപ നികുതി വാങ്ങുന്നതിന് പകരം 1000 രൂപ വീതമാണ്ഈടാക്കിയത്. ഗ്രാമപഞ്ചായത്തിന് 500/- രൂപ നഷ്ടമുണ്ടായി.

2.ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും 5 അധ്യാപകരിൽ നിന്നും 720 രൂപനിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി സ്ലാബിൽ 600 രൂപ കഴിഞ്ഞാൽ 750/- രൂപയാണ് നിരക്ക്. കുറഞ്ഞ തുക ഈടാക്കുക വഴി ഗ്രാമപഞ്ചായത്തിന് 150/- രൂപ നഷ്ടമായി

3.പി.വി.ആർ എന്റർടെയ്ൻമെന്റ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി,സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 650/- രൂപ (500+150) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും പിവിആർ എന്റർടെയ്ൻമെന്റ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും, സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

## 2-5 നാച്വർ പാർക്കിന്റെ അംഗീകാരം ഹൈക്കോടതി വിധിക്കനുസരിച്ച് തീരുമാനിക്കണം

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 5 ാം വാർഡിൽ പെട്ട കക്കാടംപൊയിൽ സ്ഥലത്ത് ശ്രീ പി വി അൻവർ & അഫ്സത്ത് PVR Entertainments എന്ന സ്ഥാപനത്തിന് പുതിയ കെട്ടിടം നമ്പർ അനുവദിച്ചിട്ടുണ്ട് (നമ്പർ- 5/ 25 A-F). 4.6959 ഹെക്ടർ സ്ഥലത്താണ് കെട്ടിടം പണിതത്.(ആധാരം നം- 326/1/2015 SRO തിരുവമ്പാടി അൺ സർവ്വേ). കെട്ടിടം ഈ വർഷം റഗുലറൈസ് ചെയ്തുകൊടുത്തതാണ്. നമ്പർ - 17/16-17 dtd 3.8.2016. (റഗുലറൈസ്ഡ് നം. 17/16-17/3.8.2016) കെട്ടിടത്തിന്റെ വിസ്തീർണ്ണം 995 ച മീ ആണ്.

കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനു വേണ്ടി സമർപ്പിച്ച രേഖകൾ താഴെ കൊടുക്കുന്നു.

1) ആധാരത്തിന്റെ പകർപ്പ്- (നം- 326/1/2015 SRO തിരുവമ്പാടി അൺ സർവ്വേ)

2) കൈവശ സർട്ടിഫിക്കറ്റ് (നം- K Dis 199/16/89/d 30 dtd. 10.2.2016)

3) നഗരാസൂത്രകന്റെ ലേ ഔട്ട് അനുമതി (നം. സി1/87/16 /K Dis/ dtd. 23.2.2016)

4) നികുതി രസീത്- 0240349/21.4.2015

5) ഫൈർ & റസ്ക്യൂ സർഫീസസിന്റെ നിരാക്ഷേപ സാക്ഷ്യപത്രം (നം- G-2646/17 dtd 30.03.2017)

6) കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 16.5.2017 ലെ നം PCB/KKD/DO/ICO/7351/2017 ാം നം സമ്മത പത്രം- 31.3.2020 വരെ കാലാവധി.

7) 1965 ലെ പി പി ആർ ചട്ടപ്രകാരം അനുവദിക്കുന്ന ലൈസൻസ്- No-1/17-18 dtd. 22.06.2017- 31.3.2018

8) സാനിറ്ററി സർട്ടിഫിക്കറ്റ്- PH No-89/2017-18 dtd. 9.5.2017

9) ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റിന്റെ 20.7.2017 ലെ No. B3-5862/17/EIC അനുമതിപത്രം.

10) പൊതുമരാമത്ത് വകുപ്പ് കെട്ടിടം ഡിവിഷൻ എൻജിനിയറുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്. തിയ്യതി 26/7/2017 to 26.7.2020.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 10.8.2017 പി സി ബി /കെകെഡി /ഡിഒ/7351/2017 നം ഉത്തരവിൽ ക്രമ നം 6- ൽ അനുമതിപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ചതിനാൽ അനുമതിപത്രം റദ്ദ് ചെയ്തതായി അറിയിച്ചു. ഇതിനെതിരെ ശ്രീ അൻവർ നൽകിയ കേസിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ - WP(C)No.28200/2017 (Y) dtd 25.8.2017 പരിസ്ഥിതി എൻജിനിയർ 3 ആഴ്ചയ്ക്കകം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഹൈക്കോടതി വിധിയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ - അപാകത

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടപ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല എന്നാൽ പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.അക്ഷര കോളേജ് കൂടരഞ്ഞി എന്ന സ്ഥാപനം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ 16-17 സാമ്പത്തിക വർഷത്തെ കണക്കിൽ ടൂട്ടോറിയൽ രജിസ്ട്രേഷൻ ഇനത്തിൽ വരവുകളില്ല മേൽ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോൺക്രീറ്റ് റോഡ് അധിക കനത്തിൽ ചെയ്തു- പഞ്ചായത്തിന് നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രൊജക്ട് പേര്, നം. - | 162/16 താഴെ പെരുമപ്പൂള കുരിയോട് എസ് ടി കോളനി റോഡ് |
| എം.ബുക്ക്. നം - | 247/15-16 |
| അടങ്കൽ- - | 8,50,000 ( MG R) |
| ചെലവ് തുക- | 7,65,005രൂപ, ബിൽ നം.1/16-17 dtd 31.5.2016 |
| സാങ്കേതികാനുമതി- | Kdy/Kdny/68/15-16 dtd. 20.8.2015 |
| കരാറുകാരൻ- | ജോൺ പി യു പുളിവീട്ടിൽ |

മേൽ പ്രൊജക്ട് പ്രകാരം 201മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ മണ്ണ് ക്രമപ്പെടുത്തി 1:4:8 അനുപാതത്തിലുള്ള 10cm കനത്തിൽ സിമന്റ് കോൺക്രീറ്റ് , 1:2:4അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് 10 cm കനത്തിൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മറ്റ് വ്യവസ്ഥകൾ പാലിച്ച് കൊണ്ട് 3 മീ വീതിയുള്ള റോഡ് 40 എം.എം. മെറ്റൽ ഉപയോഗിച്ച് 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിലും 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 7.5cm കനത്തിലുമാണ് ചെയ്യേണ്ടതെന്ന് ചീഫ് എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട് (ഡിബി4-9099/2015/സിഇ/തസ്വഭവ, തീ.28.09.2015 കത്ത് കാണുക). എന്നാൽ മേൽ

പ്രവൃത്തിയിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 10 cm കനത്തിൽ ചെയ്തത് കാരണം പഞ്ചായത്തിന് താഴെ പറയും പ്രകാരം - രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട്.

| | | |
|---|---|---|
| ചെയ്ത കോൺക്രീറ്റ് പ്രവൃത്തിയുടെ കനവും നൽകിയ തുകയും | 210.3x3x0.10= 63.1- 0.34= 62.76x 7953.46 (എം ബുക്ക് പേജ് നം. 6-7) (DSR Code No.11.7) | 4,99,159 |
| നൽകാവുന്ന കനവും തുകയും | 210.3x3x0.075= 47.32x 7953.46 = | 3,76,357.72 |
| | അധികം നൽകിയത് =15.44 | 1,22,802 |

7.5 സെ മീ കനത്തിൽ ചെയ്യുന്നതിന് പകരം 10 സെ മീ കനത്തിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് ചെയ്തതിനാൽ 15.44 ക്യൂ മീ കോൺക്രീറ്റ് അധികം ചെയ്തിട്ടുണ്ട്. അധികം കനത്തിൽ കോൺക്രീറ്റ് ചെയ്തതുമൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 1,22,802/- രൂപ ഉത്തരവാദിയായ എൻജിനിയർ അംഗീകാരം നൽകിയ എക്സിക്യൂട്ടിവ് എൻജിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 കോൺക്രീറ്റ് റോഡ് നിർമ്മാണത്തിനുള്ള 1:2:4 മിശ്രിതത്തിന് അധികനിരക്ക് അനുവദിച്ചു.

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം പൂർത്തിയാക്കിയ റോഡ് പ്രവൃത്തിയിൽ ഒരിനം, 20 മി.മീ. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഡി.എസ്.ആർ-ലെ കോഡ് 11.7 പ്രകാരമുള്ള ഈ ഇനത്തിന് കരാർ പ്രവൃത്തിയാണെങ്കിൽ ഏറ്റെടുത്ത് നടത്തിയതിന് ഒരു ഘനമീറ്ററിന് കോസ്റ്റ് ഇൻഡക്സ് 1.381 ഉൾപ്പെടെ 7953.46 രൂപയാണ് അനുവദിച്ചത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം , ഡി.എസ്.ആറിലെ തന്നെ ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ മേൽ ഇനത്തിന് വർദ്ധിച്ച നിരക്ക് കൺവീനർ/കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിക്കാനിടയായിട്ടുണ്ട്. 7548.96 നിരക്ക് ആണ് കരാറുകാർക്ക് അനുവദിക്കേണ്ടത്.

പ്രൊജക്ട് പേര്, നം. - 162/16 താഴെ പെരുമപൂള കുരിയോട് എസ് ടി കോളനി റോഡ്

എം.ബുക്ക്. നം - 247/15-16

അടങ്കൽ- - 8,50,000 ( MG R)

ചെലവ് തുക- 7,65,005രൂപ, ബിൽ നം.1/16-17 dtd 31.5.2016

സാങ്കേതികാനുമതി- Kdy/Kdny/68/15-16 dtd. 20.8.2015

കരാറുകാരൻ- ജോൺ പി യു പുളിവീട്ടിൽ

മേൽ പ്രൊജക്ട് പ്രകാരം 201മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ മണ്ണ് ക്രമപ്പെടുത്തി 1:4:8 അനുപാതത്തിലുള്ള 10cm കനത്തിൽ സിമന്റ് കോൺക്രീറ്റ് , 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് 10cm കനത്തിൽ ആണ് ചെയ്തത്.

1:2:4 കോൺക്രീറ്റ് ചെയ്ത അളവ്-

| ചെയ്ത അളവ് ക്യൂ മീറ്ററിൽ | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|
| 62.76 | 62.76x7548.96= 4,73,773 | 62.76x 7953.46 = 4,99,159 | 25,386 |

അധികം നൽകിയ തുക 25,386 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ടെൻഡർ പ്രവൃത്തികൾ പഞ്ചായത്തിന് ലാഭമായിട്ടും, കൺവീനർ പ്രവൃത്തികൾക്ക് പഞ്ചായത്ത് പ്രാധാന്യം നൽകുന്നു.

2016- 17 വർഷത്തിൽ 127 പ്രവൃത്തികൾ ആണ് ആകെ ഉള്ളത്. ഇതിൽ 29 പ്രവൃത്തികൾ മുൻ വർഷത്തിൽ ഉള്ളതാണ്. ഇതിൽ 13 പ്രവൃത്തികൾ മാത്രമാണ് ടെൻഡർ ക്ഷണിച്ചത്. ടെൻഡർ പ്രവൃത്തികൾ എല്ലാം എസ്റ്റിമേറ്റിൽ കുറവായാണ് നടത്തിയത്. വിശദാംശം ചുവടെ:-

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ടെൻഡർ ഏറ്റവും കുറവ് രേഖപ്പെടുത്തിയ തുക | കുറവ് നിരക്ക് ശതമാനത്തിൽ |
|---|---|---|---|---|
| 1 | കൊട്ടക്കാടൻ പടി റോഡ് | 4,05,000 | 3,38,403 | 16.44 |
| 2 | കുമ്പാറ കൊരങ്ങത്തും പാറ കൊട്ടാരം മല റോഡ് | 4,50,000 | 4,47,699 | 0.5 |

| | | | | |
|---|---|---|---|---|
| 3 | പരിയേടത്തും കോളനി ഫുട്പാത്ത് | 1,75,000 | 1,51,392 | 13.49 |
| 4 | പഞ്ചി റോഡ് | 2,00,000 | 2,00,000 | |
| 5 | കൽപ്പൂർ കൊട്ടാരം പറ്റ പ്രിയദർശിനി റോഡ് | 2,00,000 | 1,69,603 | 15.19 |
| 6 | ക്ലമ്പാറ ബസ്റ്റാന്റ് ക്രോസ്സ് റോഡ് | 2,05,000 | 1,80,363 | 12.01 |
| 7 | ക്ലമ്പാറ കാരിപ്പറമ്പത്ത് റോഡ് | 4,90,000 | 4,06,551 | 17.03 |
| 8 | ബദാം ചുവട് മുമ്പൻ മല റോഡ് | 2,00,000 | 1,66,713 | 16.64 |

മേൽ പറഞ്ഞ പ്രവൃത്തികൾ 20% വരെ കുറവായി കരാറുകാർ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ 80 പ്രവൃത്തികളും കൺവീനർ പ്രവൃത്തിയായി എസ്റ്റിമേറ്റ് നിരക്കിലാണ് പഞ്ചായത്തിൽ ചെയ്തു കൊണ്ടിരിക്കുന്നത്.

കരാറുകാർ തുക കുറച്ച് ടെൻഡർ ഏറ്റെടുത്തിട്ടും മിക്ക പ്രവൃത്തികളും കൺവീനർ പ്രവൃത്തിയായി ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്

## 3-4 ടെൻഡറിൽ കുറവ് രേഖപ്പെടുത്തിയിട്ടും കരാറുകാരന് എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചു

പ്രൊജക്ട് പേര്, നം. - ക്ലമ്പാറ- കരങ്ങത്തും പാറ കൊട്ടാരം മല റോഡ്

പ്രൊജക്ട് നം- - 109/17

എം.ബുക്ക്. നം - 222 / 2016-17

അടങ്കൽ- - 4,50,000 ( MG R)

ചെലവ് തുക- 4,50,000രൂപ,ബിൽ നം.67/16-17 dtd 31.3.2017

കരാറുകാരൻ- ശ്രീ ജോൺ പി യു പുളിമൂട്ടിൽ

കരാർ നം. - 63/16-17 തി. 15.3.2017

എസ്റ്റിമേറ്റിൽ ചെയിനേജ് 0/160- 0/249 വരെ 89 മീറ്റർ നീളത്തിൽ 3 മീ വീതിയിൽ കോൺക്രീറ്റ് പ്രവൃത്തിയും, ചെയിനേജ് 0/000- 0/160 വരെ 160 മീറ്റർ നീളത്തിൽ 3 മീ വീതിയിൽ ടാറിംഗ് പ്രവൃത്തിയുമാണ് ഉള്ളത്. ഈ പ്രവൃത്തിയുടെ ടെൻഡർ 27.12.2016 ൽ നടന്നപ്പോൾ ശ്രീ ജോൺ പി യു പുളിമൂട്ടിൽ എന്നവർ 4,47,699 രൂപയ്ക്ക് (എസ്റ്റിമേറ്റ്- 4,50,000രൂപ) ടെൻഡർ ഏറ്റെടുത്തു. (ടെൻഡർ രജിസ്റ്റർ പേജ് നം. 82) ടെൻഡർ ഫോമിൽ 0.52 % കുറവ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് വെട്ടിമാറ്റി എസ്റ്റിമേറ്റ് നിരക്ക് ആണ് നൽകിയത്.

ടെൻഡറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടും എസ്റ്റിമേറ്റ് നിരക്ക് അനുവദിച്ചത് മൂലം 2301 രൂപ അധികം അനുവദിക്കുകയുണ്ടായി. ഇതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ഔദ്യോഗിക ജീപ്പിൽ സഞ്ചരിച്ച് മുഴുവൻ യാത്രാപ്പടി കൈപ്പറ്റി

വൗച്ചർ നം. 21600916/29.3.17 43778/- രൂപ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എൻ രവീന്ദ്രൻ 2016 ജനുവരി മുതൽ 2017 ഫെബ്രുവരി വരെയുള്ള ഔദ്യോഗിക യാത്രകളുടെ യാത്രാപ്പടി മേൽ വൗച്ചർ പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മേൽ യാത്രകളിൽ പലതും നടത്തിയത് ഔദ്യോഗിക വാഹനത്തിലാണെന്നു കണ്ടു. ഔദ്യോഗിക വാഹനത്തിലെ യാത്രയ്ക്ക് പകുതി ദിനബത്തയ്ക്കു മാത്രമേ അർഹതയുള്ളൂ എന്നിരിക്കേ മുഴുവൻ യാത്രാപ്പടിയും കൈപ്പറ്റിയത് ക്രമവിരുദ്ധമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | യാത്ര തിയ്യതി | ഉദ്ദേശ്യം/ ലോഗ് ബുക്കിലെ പേജ് നം | അനുവദിച്ച യാത്രാപ്പടി | അനുവദി ക്കാവുന്നത് | അധികം |
|---|---|---|---|---|---|
| 1 | 6.1.16 | തൊഴിലുറപ്പ് മീറ്റിംഗ് പേജ് നം. 273 | 250 | 125 | 125 |
| 2 | 15.1.16 | തൃശ്ശൂർ കിലയിൽ | Bus 50 | 125 | 839 |

| | | | | | |
|---|---|---|---|---|---|
| | | ട്രെയിനിംഗ് പേജ് 279 | auto 34<br>train+ ic 870<br>bus 10<br>964 | | |
| 3 | 16.1.16 | തൃശ്ശൂർ കിലയിൽ നിന്നും തിരിച്ചുള്ള യാത്ര പേജ് നം.282 | Auto 60<br>train+ ic 870<br>bus 60<br>964 | 125 | 839 |
| 4 | 23.1.16 | KLGSDP മീററിംഗ് ഒളവണ്ണ പേജ് നം.283 | 250 | 125 | 125 |
| 5 | 28.1.16 | ഡിഡിപിയുടെ കോൺഫറൻസ് പേജ് നം.285 | 250 | 125 | 125 |
| 6 | 2.3.16 | മഞ്ചേരികോടതി പേജ് നം.2 | 400 | 200 | 200 |
| 7 | 14.3.16 | പെർഫോർമൻസ് ഓഡിറ്റ് മീറ്റിങ്ങ് അഴിയൂർ പേജ് നം.8 | 400 | 200 | 200 |
| 8 | 16.3.16 | താമരശ്ശേരി കോടതി പേജ് നം.8 | 400 | 200 | 200 |
| 9 | 21.3.16 | ടിഎബിൽ പ്രകാരം അഴിയൂർ പഞ്ചായത്തിൽ രാവിലെ 9 മുതൽ വൈകുന്നേരം 5 മണിവരെ മീറ്റിംഗ് ലോഗ് ബുക്ക് പ്രകാരം നികുതി പിരിവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ യാത്ര പേജ് നം.10 | 400 | 0 | 400 |
| 10 | 30.5.16 | പ്രതിമാസ അവലോകന യോഗം സിവിൽ സ്റ്റേഷൻ പേജ് നം.41 | 400 | 200 | 200 |
| 11 | 2.6.16 | ഡിഡിപിയുടെ കോൺഫറൻസ് ഗാർലിക്ക് റൂട്സ് കോഴിക്കോട് പേജ് നം.42 | 400 | 200 | 200 |
| 12 | 6.6.16 | ODF മീറ്റിംഗ് സിവിൽ സ്റ്റേഷൻ പേജ് നം.44 | 400 | 200 | 200 |
| 13 | 16.6.16 | കോടതിയിൽ ഹാജരാകാൻ കോഴിക്കോട് പേജ് നം.49 | 400 | 200 | 200 |
| 14 | 17.6.16 | കോടതിയിൽ ഹാജരാകാൻ കോഴിക്കോട് പേജ് നം.50 | 400 | 200 | 200 |

| | | | | | |
|---|---|---|---|---|---|
| 15 | 21.6.16 | ഡിഡിപിയുടെ കോൺഫറൻസ് പേജ് നം.51 | 400 | 200 | 200 |
| 16 | 27.6.16 | LFAD ഓഡിറ്റ് ഓഫീസ് പേജ് നം.55 | 400 | 200 | 200 |
| 17 | 2.7.16 | ലോകായുക്ത് അദാലത്ത് പേജ് നം.59 | 400 | 200 | 200 |
| 18 | 8.7.16 | സാംഖ്യ സംബന്ധിച്ച് ക്ലാസ് ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് പേജ് നം.62 | 400 | 200 | 200 |
| 19 | 18.7.16 | മാസാന്ത്യ മീറ്റിംഗ് ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പേജ് നം.67 | 400 | 200 | 200 |
| 20 | 3.8.16 | ODF മീറ്റിംഗ് പേജ് നം.78 | 400 | 200 | 200 |
| 21 | 10.8.16 | കോടതി, താമരശ്ശേരി പേജ് നം.82 | 400 | 200 | 200 |
| 22 | 25.8.16 | പ്രതിമാസ അവലോകന യോഗം സിവിൽ സ്റ്റേഷൻ പേജ് നം.91 | 400 | 200 | 200 |
| 23 | 31.8.16 | കലക്ടറേറ്റ് മീറ്റിംഗ് പേജ് നം.94 | 400 | 200 | 200 |
| 24 | 4.9.16 | ഡിപിസി മീറ്റിംഗ് പേജ് നം.100 | 400 | 200 | 200 |
| 25 | 3.10.16 | കലക്ടറേറ്റ് മീറ്റിംഗ് പേജ് നം.114 | 400 | 200 | 200 |
| 26 | 6.10.16 | ODF മീറ്റിംഗ് പേജ് നം.116 | 400 | 200 | 200 |
| 27 | 14.10.16 | പ്രതിമാസ അവലോകന യോഗം സിവിൽ സ്റ്റേഷൻ പേജ് നം.119 | 400 | 200 | 200 |
| 28 | 15.10.16 | കാർഷിക ജൈവസംരക്ഷണ മീറ്റിംഗ് കോഴിക്കോട് പേജ് നം.124 | 400 | 200 | 200 |
| 29 | 25.10.16 | സിവിൽ സപ്ലൈസ് റേഷൻ മുൻഗണനപേജ് നം.126 | 400 | 200 | 200 |
| 30 | 31.10.16 | താലൂക്ക് സപ്ലൈ ഓഫീസ് പേജ് നം.134 | 400 | 200 | 200 |
| 31 | 12.11.16 | കോടതി, താമരശ്ശേരി പേജ് നം.135 | 400 | 200 | 200 |
| 32 | 14.11.16 | താലൂക്ക് സപ്ലൈ ഓഫീസ് പേജ് നം.137 | 400 | 200 | 200 |
| 33 | 16.11.16 | ഡിപിസി മീറ്റിംഗ് പേജ് | 400 | 200 | 200 |

| | | | | | |
|---|---|---|---|---|---|
| | | നം.137 | | | |
| 34 | 26.11.16 | ഹരിത കേരളം ടാഗോർ ഹാൾ കോഴിക്കോട് പേജ് നം.140 | 400 | 200 | 200 |
| 35 | 2.12.16 | ഹരിത കേരളം കലക്ടറേറ്റ് പേജ് നം.142 | 400 | 200 | 200 |
| 36 | 9.12.16 | മഞ്ചേരി കോടതി പേജ് നം.145 | 400 | 200 | 200 |
| 37 | 14.12.16 | ഇംപ്ലിമെന്റിംഗ് ഓഫീസർ മീറ്റിംഗ് കലക്ടറേറ്റ് പേജ് നം.147 | 400 | 200 | 200 |
| 38 | 21.12.16 | RO മീറ്റിംഗ് ലീഗൽ മെട്രോളജി ഓഫീസ് പേജ് നം.150 | 400 | 200 | 200 |
| 39 | 7.2.17 | 13-ാം പദ്ധതി പരിശീലനം കൊടുവള്ളി പേജ് നം.177 | 400 | 200 | 200 |
| 40 | 14.2.17 | ചേമഞ്ചേരിപെർഫോർമൻസ് മീറ്റിംഗ് പേജ് നം.182 | 400 | 200 | 200 |
| 41 | 16.2.17 | കോടതി, താമരശ്ശേരി പേജ് നം.183 | 400 | 200 | 200 |
| 42 | 20.2.17 | കലക്ടറേറ്റ് മീറ്റിംഗ് ലോക ബാങ്ക് ഫണ്ട് അവലോകനം പേജ് നം.187 | 400 | 200 | 200 |
| 43 | 21.2.17 | ഓംബുഡ്സ്മാൻ കോടതി പേജ് നം.187 | 400 | 200 | 200 |
| | | | | | 9853 |

മേൽപ്പറഞ്ഞ പ്രകാരം അനർഹമായി 9853 രൂപ അധികം നൽകിയത് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-6 തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്തിലെ തൻവർഷത്തെ വൗച്ചറുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

| ക്രമ നം | വൗച്ചർ നം. തിയ്യതി | ഇനം | തുക | അപാകത |
|---|---|---|---|---|
| 1 | 21600039/ 18.4.16 | ഐസിഡിഎസ് സൂപ്പർവൈസറുടെ ഓഫീസിലേക്ക് സ്റ്റേഷനറി വാങ്ങിയത് | 1425.00 | കാഷ്ബിൽ ഇല്ല |
| 2. | 21600101/ | ഒന്നാം | 3600.00 | മഴക്കാലം |

| | | | | |
|---|---|---|---|---|
| | 13.5.16 | വാർഡിലെ കാരാട്ട് പാറ അംഗനവാടി ചോർന്നൊലിക്കുന്നത് തടയാൻ മേൽക്കൂര ഫ്ലെക്സ് പൊതിയുന്നതിന് ചെലവഴിച്ച തുക | | തുടങ്ങുന്നതിന് മുമ്പ് അംഗനവാടി കൃത്യമായി അറ്റകുറ്റപ്പണി നടത്താതെ താൽക്കാലിക സംവിധാനം മാത്രം നടത്തി. |
| 3. | 21600159/ 31.5.2016 | വില്ലേജ് ഓഫീസ് ഉദ്ഘാടന ചെലവ് | 2750.00 | പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യത്തിനുള്ള ചെലവ് |
| 4. | 21600224/ 11.7.2016 | ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയത് | 140000.00 | വിനിയോഗ , ചെലവ് വിവരങ്ങൾ ലഭ്യമല്ല |
| 5 | 21600292/ 8.8.16 | കക്കാടംപോയിൽ മൃഗാശുപത്രിക്ക് സൗജന്യമായി ലഭിച്ച സ്ഥലം രജിസ്റ്റർ ചെയ്ത ചെലവ് | 20000.00 | 13000 രൂപ മുദ്രപ്പത്രത്തിന്റെ വിലയായി ചെലവഴിച്ച ബാക്കി 7000 രൂപ ചെലവഴിച്ചതിന് രേഖകളില്ല |
| 6 | 21600298/ 11.8.2016 | FTTH ഇന്റർനെറ്റ് കുടിശ്ശിക തുക അടവാക്കി | 5438.00 | ഗ്രാമപഞ്ചായത്തിലെ ഇന്റർനെറ്റ് കണക്ഷൻ 28.4.2016 മുതൽ മാത്രമാണ് ആക്ടീവ് ആയത്. 22.2.16 മുതലുള്ള കുടിശ്ശികയാണ് അടവാക്കിയത്. ഉപയോഗിക്കാത്ത മാസത്തെ തുക അടവാക്കി |
| 7 | 21600514/ 15.11.16 | താന്നിക്കുന്ന് കുടിവെള്ള പദ്ധതിക്ക് ഫീസ് അടവാക്കിയത് | 3500 | 1450 രൂപ ആദ്യം ഭൂഗർഭ ജല വകുപ്പിൽ അടവാക്കി യെങ്കിലും റിപ്പോർട്ട് ലഭ്യമാവാത്തതിനാൽ വീണ്ടും തുക അടവാക്കി. ആദ്യ തവണ തുക |

| | | | | |
|---|---|---|---|---|
| | | | | അടവാക്കിയതിന്റെ റിപ്പോർട്ട് പ്രസ്തുത വകുപ്പിന് കത്ത് നൽകി ലഭ്യമാക്കുന്നതിന് പകരം രണ്ടാം തവണ തുക അടവാക്കിയത് ക്രമപ്രകാരമല്ല. |
| 8 | 21600523/ 18.11.16 | പഞ്ചായത്ത് ജീപ്പിന്റെ ഇൻഷൂറൻസ് തുക ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിക്ക് നൽകിയത് | 8896.00 | ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷൂറൻസ് സ്റ്റേറ്റ് ഇൻഷൂറൻസ് വകുപ്പിൽ മാത്രമേ അടവാക്കാവൂ എന്ന നിർദ്ദേശം നില നിൽക്കേ സ്വകാര്യ സ്ഥാപനത്തിൽ അടവാക്കി |
| 9 | 21600538/ 1.12.16 | ആരോഗ്യ ഇൻഷൂറൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ആളുകൾക്ക് ഭക്ഷണം നൽകിയത് 83 പേർക്ക് 50 രൂപ വീതം | 4150.00 | പഞ്ചായത്തിന്റെ ചുമതലയിലല്ലാത്ത കാര്യത്തിന് ചെലവ് |
| 10 | 21600539 / 1.12.16 | ODF പരിശോധനയ്ക്ക് വന്നവർക്ക് ഭക്ഷണം | 1030.00 | യാത്രപ്പടിയും ദിനബത്തയും കൈപ്പറ്റുന്നവർക്ക് പഞ്ചായത്തിൽ നിന്നും നൽകിയ ചെലവ് ക്രമപ്രകാരമല്ല |
| 11 | 21600583/ 15.12.16 | ക്രൂസിന് വരിസംഖ്യ | 2000.00 | കൈപ്പറ്റ് രശീതില്ല |
| 12 | 21600501/ 5.11.16 | രോഗപ്രതിരോധ കുത്തിവെപ്പിന് ജീപ്പ് വാടക | 4000.00 | പിസിഎ കൈപ്പറ്റുന്ന ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ചുമതലകളുടെ ഭാഗമായി മാസത്തിലൊരു തവണ സബ്സെന്ററുകളിൽ പോകുന്നതിന് വണ്ടി |

| | | | | |
|---|---|---|---|---|
| | | | | വാടക നൽകുന്നത് ക്രമ പ്രകാരമല്ല. |

മേൽപ്പറഞ്ഞതിൽ മതിയായ രേഖകളില്ലാത്ത ക്രമ നം. 1,2,4,5,8,11 എന്നിവ പ്രകാരമുള്ള 175921 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്. ക്രമ നം. 3,6,7,9,10,12 എന്നിവയിലെ 20868/- രൂപയുടെ ചെലവ് അതാതിനു നേരെ കാണിച്ച കാരണങ്ങളാൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 പാർട്ട് ടൈം സ്വീപ്പർമാർക്ക് യൂണിഫോം ഫുട്ട് വെയർ അലവൻസ്

| വൗച്ചർ | കൈപ്പറ്റിയ ആൾ/ഇനം | തുക |
|---|---|---|
| 21600109/ 20.5.2016 | സി.ഗോപിനാഥൻ, പിടിഎസ് യൂണിഫോം അലവൻസ് | 2400 |
| 21600110/ 20.5.2016 | -ടി- ഫുട് വെയർ അലവൻസ് | 450 |
| 21600111/ 20.5.2016 | വി.സി.രാജൻ,പിടിഎസ് യൂണിഫോം അലവൻസ് | 2400 |
| 21600112/ 20.5.2016 | -ടി- ഫുട് വെയർ അലവൻസ് | 450 |
| | | 5700 |

ഗ്രാമപഞ്ചായത്തിലെ പി.ടി.എസ്. വിഭാഗത്തിലെ ജീവനക്കാർക്ക് മേൽ വിവരിച്ച വൗച്ചറുകൾ പ്രകാരം യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 20.01.2016 ലെ (പി)07/2016/ധനം. ഉത്തരവിലൂടെ സർക്കാർ ജീവനക്കാരിൽ യൂണിഫോം അലവൻസ് (അനക്സ് .XII), ഫുട്ട് വെയർ അലവൻസ് (അനക്സ്.VII) അനുവദിക്കേണ്ടവർ ആരെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിൽപെട്ടവർക്ക് യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത തരത്തിൽ ഗ്രാമപഞ്ചായത്ത് പി.ടി.എസ്. വിഭാഗക്കാർക്ക് അലവൻസ് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ പരിഗണിക്കുവാൻ കഴിയില്ലായെന്ന് 12.05.2017 ലെ ഇ.9-26357/16 നം കത്തിലൂടെ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി തുക നൽകിയത് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസ് ഫർണിച്ചർ വാങ്ങൽ - ടെണ്ടർ നടപടികളിലെ നിയമാനുസൃത നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് - പഞ്ചായത്ത് ഓഫീസ് ഫർണിച്ചർ വാങ്ങൽ 63/17

അടങ്കൽ - 60732 വികസന ഫണ്ട്

1246400 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

1307132

നിർവ്വഹണം - സെക്രട്ടറി

ചെലവ് - 60732 20/16-17 26.2.17

1144232 19/16-17 26.2.17

1204964

പഞ്ചായത്ത് ഓഫീസ്, മീറ്റിംഗ് ഹാൾ, എന്നിവടങ്ങളിലേക്കും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കുമുള്ള ഫർണിച്ചറുകൾ വാൾ, സ്റ്റാൻഡിങ്ങ് ഡ്രോപ്സ് എന്നിവ വാങ്ങൽ അലുമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി എന്നിവയാണ് മേൽ പ്രോജക്ടിലുൾപ്പെടുത്തിയത്. ട്രീറ്റഡ് റബ് വുഡ് കൊണ്ടുള്ള ഫർണിച്ചറുകളാണ് കാഡ്കോയിൽ നിന്നും വാങ്ങിയത്. പ്രോജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. പതിമൂന്ന് ലക്ഷം രൂപയുടെ അടങ്കലുള്ള മേൽ പ്രോജക്ടിന് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.
2. ടെണ്ടർ പരസ്യം വിപുലമായ പ്രചാരമുള്ള ഒരു മലയാളം പത്രത്തിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പ്രസിദ്ധീകരിക്കുന്നതിനു പകരം താരതമ്യേന പ്രചാരം കുറഞ്ഞ ചന്ദ്രിക ദിനപത്രത്തിന്റെ കോഴിക്കോട് എഡിഷനിൽ മാത്രമാണ് പ്രസിദ്ധീകരിച്ചത്. ആയതു കൊണ്ടു തന്നെ പൊതു മേഖലാ സ്ഥാപനമായ കാഡ്കോയും സ്വകാര്യ സ്ഥാപനമായ ഫിഡ്കോയും മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്.
3. സിവിൽ പ്രവൃത്തികളുണ്ടെങ്കിൽ ആയതിന് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം പിഡബ്ല്യുഡി നിരക്കുകളുമായി ബന്ധപ്പെടുത്തി എസ്റ്റിമേറ്റ് എടുക്കേണ്ടതും സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതും അളവുകളെടുത്ത് ആയതിനനുസരിച്ച് തുക നല്കേണ്ടതുമായിരുന്നു. എന്നാൽ താഴെ പറയുന്ന അലുമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തികൾ നടത്തിയിട്ടും മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല.

| ക്രമ നം | ഇനം | തുക | വാറ്റ് | ആകെ |
|---|---|---|---|---|
| 1 | Renovation and Shifting work aluminium fabrication | 26200 | 3799 | 29999 |
| 2 | Aluminium fabrication work | 43688 | 6332 | 50000 |
| | | | | 79999 |

4. പൊതു മേഖലാ സ്ഥാപനങ്ങളിൽ റബ്കോ, സിഡ്കോ, ആർട്ട്കോ എന്നിവയുടെയൊന്നും നിരക്കുകളുമായി താരതമ്യ പഠനം നടന്നിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 1204964 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-9** <u>തെരുവു വിളക്ക് റിപ്പയർ - അപാകതകൾ</u>

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം - 74/17

അടങ്കൽ തുക – 300000/- (CFC ഗ്രാന്റ്)

ചെലവ് തുക – 299860/- ബിൽ 21/16-17 26.2.17

കരാറുകാരൻ - പ്രിൻസ് സിസ്റ്റംസ്, പേട്ട

കരാർ - 7/16-17 28.10.16

പഞ്ചായത്ത് പരിധിയിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ പ്രവർത്തന ക്ഷമമല്ലാത്തതിനാൽ അറ്റകുറ്റപ്പണി നടത്തുന്നതിനായി മേൽ വിവരിച്ച പ്രൊജക്ട് പ്രകാരം 299860/- രൂപ ചെലവഴിച്ചു. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 15.09.2011 ലെ 3055/ഡി.എ3/2011/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

അവരുടെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും, സംരക്ഷണവും നടത്തേണ്ടതിന് വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കേണ്ടത് ടെണ്ടറിങ്ങ് സംവിധാനം വഴി കരാർ ചമച്ച് ആന്വൽ മെയിന്റനൻസ് കോൺട്രാക്ടിലൂടെയാണ്. തെരുവ് വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽ നോട്ടത്തിലും അവർ നിശ്ചയിക്കുന്ന നിരക്കിലുമാണ് നടത്തേണ്ടത്. പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും, നിരക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നിരക്കിനേക്കാൾ അധികരിക്കാനും പാടില്ല. എന്നാൽ മേൽ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, സാധന സാമഗ്രികൾ കെ.എസ്.ഇ.ബി. നിരക്കിനേക്കാൾ അധികരിച്ചിട്ടാണോ രേഖപ്പെടുത്തിയത് എന്നും ഉറപ്പ് വരുത്തിയില്ല. ഒരു സിഎഫ്എൽ യൂണിറ്റിന് 950 രൂപയാണ് നിരക്ക് രേഖപ്പെടുത്തിയത്. 319 സിഎഫ്എൽ യൂണിറ്റ് നന്നാക്കിയതിന് 302412 രൂപയായത് അടങ്കലിൽ പരിമിതപ്പെടുത്തി നികുതികൾ കഴിച്ച് 299860/- രൂപ നൽകി.

2. കരാറുകാരായ പേട്ട പ്രിൻസ് സിസ്റ്റംസിന്റെ പ്രവർത്തന പരിചയം, അംഗീകാരം കിട്ടിയ ലൈസൻസിന്റെ പകർപ്പ് എന്നിവ ഫയലിൽ സമർപ്പിച്ചിട്ടില്ല.
3. തെരുവ് വിളക്കുകൾ അനുബന്ധിത വസ്തുക്കൾ തുടങ്ങിയവ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയും, കെ.എസ്.ഇ.ബി.യിലേയും അധികാരികൾ സംയുക്ത പരിശോധന നടത്തി വ്യക്തമായി പരാമർശിക്കേണ്ടതുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിച്ച പ്രദേശത്തിന്റെ സെറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ എന്നിവ ഫയലിൽ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കുന്ന തെരുവു വിളക്ക് രജിസ്റ്റർ പ്രകാരം ഉള്ള തെരുവു വിളക്കുകളേക്കാൾ കൂടുതൽ വിളക്കുകൾ റിപ്പയർ ചെയ്തതിന് തുക നല്കിയതായി കണ്ടു. വ്യത്യാസം കണ്ട വാർഡുകളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമനം | വാർഡ് നം. | രജിസ്റ്റർ പ്രകാരം ആകെ തെരുവു വിളക്കുകളുടെ എണ്ണം | റിപ്പയർ ചെയ്ത തെരുവു വിളക്കുകൾ |
|---|---|---|---|
| 1. | 2 | 11 | 35 |
| 2 | 3 | 11 | 18 |
| 3 | 5 | 12 | 18 |
| 4 | 12 | 36 | 49 |

4. കരാർ വച്ച 28.10.16 മുതൽ ഒരു വർഷത്തേക്കുള്ള റിപ്പയറിങ്ങ് പ്രവൃത്തി ചെയ്യേണ്ടതുണ്ടെങ്കിലും 4 മാസം കഴിഞ്ഞയുടൻ തന്നെ മുഴുവൻ തുകയും നല്കി.
5. തെരുവു വിളക്കുകളുടെ പ്രവർത്തനം നിലച്ചാൽ കിട്ടുന്ന പരാതികൾ സൂക്ഷിക്കുന്ന പരാതി രജിസ്റ്റർ അവ റിപ്പയറിങ്ങ് നടത്തിയ വിവരം മോണിട്ടർ ചെയ്ത വിവരം എന്നിവയൊന്നും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

മേൽ വിവരിച്ച അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം നല്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 299860/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ഖരമാലിന്യ നിർമാർജ്ജനം - തുക നല്കിയപ്പോൾ നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

പ്രോജക്ട് - ഖരമാലിന്യ നിർമ്മാർജ്ജനം 76/17

അടങ്കൽ 400000 CFC grant

നിർവ്വഹണം സെക്രട്ടറി

ചെലവ് 188104 ബിൽ നം.29/16-17 തീയതി 31.3.17

കരാറുകാരൻ ആലപ്പടിയൻ ഗഫൂർ

എഗ്രിമെന്റ് - 5/16-17 28.7.2016

പഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്ഥാനത്തിന് പുറത്തെ റീസൈക്ലിങ്ങ് യൂണിറ്റിലേക്ക് ഒഴിവാക്കുന്നതിനാണ് മേൽ പ്രോജക്ട്. ആയതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ടണ്ണിന് 5600)ആലപ്പടിയൻ ഗഫൂർ എന്ന കരാറുകാരന് പ്രവൃത്തി നൽകി.

33 ടൺ 590 കിലോ ഭാരമുള്ള 4 ലോഡ് പ്ലാസ്റ്റിക്ക് വസ്തുക്കൾ കയറ്റിപ്പോയതിന് ടണ്ണിന് 5600 രൂപ വീതം 188104/- രൂപ നൽകുകയും മേൽ തുകയ്ക്കുള്ള കൈപ്പറ്റ് കരാറുകാരൻ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാർ വച്ച് നൽകിയ മേൽ പ്രവൃത്തിയിൽ നിയമാനുസൃതം ഈടാക്കേണ്ട വാറ്റ്, ആദായ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

കൂടാതെ കരാറുകാരൻ നൽകിയ അളവുകൾ പ്രകാരമാണ് തുക നൽകിയത്. ആയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു പകരം വിദൂര ഭാഗത്തേക്ക് മാലിന്യകയറ്റുമതി നടത്തിയത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 188104/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 കാഡ്കോയിൽ നിന്നും സ്വകാര്യ കമ്പനിയുടെ ഉൽപ്പന്നം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങി

പ്രോജക്ട് - സേവാഗ്രാം ഗ്രാമകേന്ദ്രം 36/17

അടങ്കൽ - 189431/- വികസന ഫണ്ട്

നിർവ്വഹണം സെക്രട്ടറി

ചെലവ് 189431/- ബിൽ നം. 32/16-17 31.3.17

ഗ്രാമപഞ്ചായത്തിലെ 14 വാർഡിലെയും ഗ്രാമ കേന്ദ്രങ്ങളിലേക്ക് മേശ, കമ്പ്യൂട്ടർ കസേര, ഫൈബർ കസേരകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കാഡ്കോയിൽ നിന്നും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെയാണ് വാങ്ങിയത്. ടെണ്ടർ നടപടിക്രമങ്ങളിലെ ഇളവ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നേരിട്ട് ഉൽപാദിപ്പിക്കുന്ന ഇനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ മേൽ വാങ്ങലിലെ ഒരിനമായ ഫൈബർ കസേരകൾ നീൽ കമൽ കമ്പനിയുടെ ഉൽപ്പന്നമാണ്. ആയതിന്റെ ചെലവിന്റെ വിവരം താഴെപറയുന്നു.

| ഇനം | നിരക്ക് x എണ്ണം | തുക | നികുതി | ആകെ |
|---|---|---|---|---|
| നീൽകമൽ 2160 armed chair | 524 x 115 | 60260 | 8738 | 68998 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അതത് വാർഡിലെ മെമ്പർമാരാണ് മേൽ ഇനങ്ങൾ കൈപ്പറ്റിയത്. 115 കസേരയാണ് വാങ്ങിയതെങ്കിലും 112 കസേര (14 വാർഡുകളിലേക്ക് 8 വീതം കസേരകൾ) വിതരണം ചെയ്തതായാണ് സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തിയത്. ശേഷിക്കുന്ന കസേരകൾ എന്തു ചെയ്തു എന്നതിന് രേഖയില്ല.

14 വാർഡുകളിലേയും ഗ്രാമകേന്ദ്രങ്ങളിലേക്ക് ഒരു മേശ, ഒരു കമ്പ്യൂട്ടർ കസേര, 8 വീതം കസേര മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഏതൊക്കെ സ്ഥലത്താണ് ഫർണിച്ചർ ഇപ്പോഴുള്ളത് എന്ന് രേഖയില്ല. ഗ്രാമകേന്ദ്രങ്ങൾ എല്ലാ വാർഡിലും തുടങ്ങിയിട്ടില്ല. ഗ്രാമകേന്ദ്രങ്ങൾ തുടങ്ങുന്നതിനു മുൻപുതന്നെ ഗ്രാമകേന്ദ്രങ്ങളിലേക്ക് ഫർണീച്ചർ വാങ്ങി പല സ്ഥലങ്ങളിലായി സൂക്ഷിച്ചത് ക്രമപ്രകാരമല്ല.

സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതിരു ന്നതിനും സ്റ്റോക്ക് രജിസ്റ്റർ

അപാകതയ്ക്കും വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 68998/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ തുടങ്ങിയതിനും ഫർണീച്ചർ കൈപ്പറ്റിയതിനുമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-12 വസ്തു നികുതി ഡാറ്റാബേസ് കമ്പ്യൂട്ടർ വൽക്കരണം - ജീവനക്കാർക്ക് ഡാറ്റാ എൻട്രിക്കും പിഴവുകളുള്ള വെരിഫിക്കേഷൻ നടത്തിയതിനും തുക നൽകി

25.09.2013 ലെ (ആർ.ടി)2380/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂ ഡാറ്റാബേസ് കമ്പ്യൂട്ടർവൽക്കരണം നടത്തി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളും ഓരോ ഇനങ്ങളുടെയും പ്രതിഫലവും നിർണയിച്ചിട്ടുണ്ട്. ഇതുപ്രകാരം വസ്തുനികുതി നിർണ്ണയ വിവരശേഖരണ ഫോറം (നം.2/6) പ്രീ പ്രോസസ്സിംഗ്, ഡാറ്റാ എൻട്രി എന്നിവയ്ക്കായി 10/- രൂപയും മേൽ പ്രകാരമുള്ള എൻട്രി, അസസ്സ്മെന്റ് ആന്റ് ഡിമാന്റ് രജിസ്റ്ററുമായി ഒത്തുനോക്കി തിരുത്തലുകൾ വരുത്തുന്നതിന് ജീവനക്കാർക്ക് 2/- രൂപയുമാണ് നിശ്ചയിച്ചിരുന്നത്.

*വൗച്ചർ നം. 21600087/7.5.2016 70384*

| ക്രമ നം | തുക കൈപ്പറ്റിയ ആൾ/ചെലവിനം | തുക |
|---|---|---|
| 1 | ഡാറ്റാ എൻട്രി റെജി ജോൺ കുടുംബശ്രീ ചെയർപേഴ്സൺ | 24666 |
| 2 | ജനീഷ്.ജെ, ക്ലർക്ക് ഫോം 6 സഞ്ചയ സോഫ്റ്റ് വെയറില് വെരിഫിക്കേഷൻ നടത്തിയതിന് 4122 x 2 | 8244 |
| 3 | ജിഷ്ണ.എ ക്ലർക്ക് 12,13,14 വാർഡുകളിലെ ഫോം 6 ഡാറ്റാ എൻട്രി നടത്തിയതിന് | 6870 |
| 4 | ജിഷ.പി.എസ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഡാറ്റാ എൻട്രി നടത്തിയതിന് 1152 x 4 | 4608 |
| 5 | ശരത്ത് തോമസ് , ക്ലർക്ക് 5,6,7,8,9,11 ഫോം 6 സഞ്ചയ സോഫ്റ്റ് വെയറില്ഡാറ്റാ എൻട്രി നടത്തിയതിന് 3558 x 3 | 10674 |
| 6 | ബിന്ദു.കെ,സി, ക്ലർക്ക് ഫോം 6 സഞ്ചയ സോഫ്റ്റ് വെയറില് വെരിഫിക്കേഷൻ നടത്തിയതിന് 4100 x 2 | 8200 |
| 7 | ഷിബു.കെ.പി, ക്ലർക്ക് സഞ്ചയ സോഫ്റ്റ് വെയറില്ഡാറ്റാ എൻട്രി നടത്തിയതിന് 2374 x 3 | 7122 |
| | | 70384 |

ഉത്തരവു പ്രകാരം ജീവനക്കാർക്ക് ഇൻസന്റീവ് നൽകാവുന്നത് വെരിഫിക്കേഷനു മാത്രമായിരിക്കേ ഡാറ്റാ എൻട്രിക്ക് തുക നൽകി .

സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്തതിൽ നിരവധി പിഴവുകളുണ്ട് (വിശദ വിവരം ഈ റിപ്പോർട്ടിന്റെ

രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) യഥാർത്ഥ വെരിഫിക്കേഷൻ നടത്താത്തതു മൂലമാണ് ഈ പിഴവുകളുണ്ടായത്. ആയതിനും ഇൻസന്റീവ് നൽകിയിട്ടുണ്ട്

ജീവനക്കാരക്ക് ഇൻസന്റീവ് നല്കാവുന്നത് വെരിഫിക്കേഷനു മാത്രമായിരിക്കേ ഡാറ്റാഎൻട്രിക്ക് തുക നൽകിയതും പിഴവുകളുള്ള വെരിഫിക്കേഷന് തുക നല്കിയതും വിശദീകരിക്കപ്പെട്ടിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 70384/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 മുൻകൂർ നൽകിയത് 4 വർഷത്തോളമായിട്ടും ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2013 ൽ നൽകിയ യാത്രാബത്ത മുൻകൂർ നാളിതു വരെ ക്രമീകരിക്കാതെ കാരി ഓവർ ചെയ്തു വരുന്നതായി കണ്ടു അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻകൂർ നൽകിയതിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| തിയ്യതി | നൽകിയ വിവരം | തുക |
|---|---|---|
| 21.6.13 | അക്കൗണ്ടന്റ് അഷ്റഫിന് നൽകിയ യാത്രാബത്ത മുൻകൂർ | 500.00 |
| 11.3.13 | അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകിയ യാത്രാബത്ത മുൻകൂർ | 1500.00 |

മുൻകൂർ നൽകി വർഷങ്ങളായിട്ടും ക്രമീകരിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. തുക ഉത്തരവാദിയായവരിൽ നിന്നും 18% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണ്.

## 3-14 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടി ക്രമപ്രകാരമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്റ്റ് : 56/17, കിടാരി വളർത്തൽ - വനിത(ജനറൽ)

അടങ്കൽ : 756336, ധനകാര്യ കമ്മീഷൻ ഗ്രാന്റ്

43664, വികസനഫണ്ട്(ജനറൽ)

800000, ഗുണഭോക്തൃവിഹിതം

ചെലവ് : 340000/- ബിൽ നം.പി2/27.2.17

155000/- ബിൽ നം.പി7/30.3.17

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(എ), 19.03.2003ലെ 13077/ഡി.പി.1/03/ത.സ്വ.ഭ.വ നം സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. ജി ഒ (പി) 181/98 തസ്വഭവ തീയതി 2.9.1998 പ്രകാരമുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ അനുസരിച്ച് ഓരോ വാർഡിലും ഗ്രാമസഭകളിലൂടെ മുൻഗണനാക്രമലിസ്റ്റ് തയ്യാറാക്കിയതിനു ശേഷം മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഓരോ വാർഡിലും ഗ്രാമസഭകളിലൂടെ മുൻഗണനാക്രമലിസ്റ്റ് തയ്യാറാക്കേണ്ടത് അർഹതാമാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന മാർക്ക് അടിസ്ഥാനത്തിലാണ്. എന്നാൽ വെറ്ററിനറി സർജൻ നടപ്പാക്കിയ 56/17 നമ്പരിലുള്ള പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് വാർഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. എല്ലാ വാർഡിലെയും ആദ്യത്തെ 11 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റാണ് നൽകിയത്. ഇത്തരത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 381(1)/16തീയതി 21.12.16 നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ആയതു കൊണ്ടു തന്നെ പല വാർഡുകളിലെയും അർഹരായ ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത അവസ്ഥയുണ്ടായി.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് | | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് | |
|---|---|---|---|
| വാർഡ് 1 – ക്രമനം.8മുതൽ 11 വരെ | 50 | വാർഡ് 6 – ക്രമനം.12മുതൽ 14 വരെ | 60 |
| വാർഡ് 2 – ക്രമനം.9മുതൽ 11 വരെ | 50 | വാർഡ് 7 – ക്രമനം.12 | 60 |
| വാർഡ് 5 – ക്രമനം.7മുതൽ 11 വരെ | 50 | വാർഡ് 6 – ക്രമനം.12മുതൽ 16 വരെ | 60 |
| വാർഡ് 11 – ക്രമനം.9മുതൽ 11 വരെ | 50 | വാർഡ് 9 – ക്രമനം.12മുതൽ 14 വരെ | 60 |
| വാർഡ് 12 – ക്രമനം.3മുതൽ 11 വരെ | 50 | വാർഡ് 4 – ക്രമനം.12മുതൽ 14 വരെ | 60 |
| വാർഡ് 13 – ക്രമനം.10മുതൽ 11 വരെ | 50 | | |
| വാർഡ് 14 – ക്രമനം.11 | 50 | | |

എല്ലാ വാർഡിലെയും 11ഗുണഭോക്താക്കളെ വീതം ഉൾപ്പടുത്തിക്കൊണ്ട് 154പേരുടെ ലിസ്റ്റ് ആദ്യം നൽകിയെങ്കിലും പല ഗുണഭോക്താക്കളും പശുവിനെ വാങ്ങാൻ തയ്യാറാകാത്തതിനാൽ ഗ്രാമസഭാലിസ്റ്റിലെ അവശേഷിക്കുന്ന ഗുണഭോക്താക്കളെ ഉൾപ്പടുത്തി അഡീഷണൽ ലിസ്റ്റ് നൽകുകയാണ് ചെയ്തത്. മുൻഗണനാ ക്രമം തെറ്റിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്.

## 3-15 തൊഴിലുറപ്പ് പദ്ധതി - വാറ്റ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 21 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.സിനോജോസഫ് എന്ന കരാറുകാരന്റെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. എം സാന്റ്, ക്വാറി വേസ്റ്റ്, 20mmമെറ്റൽ എന്നീ സാധനസാമഗ്രികൾ വിതരണം ചെയ്തതിന് 2923673 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8 ലുള്ള ബിൽ (rule.58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും 14.5% വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്. കരാറുകാരനിൽ നിന്ന് നിയമാനുസൃത വാറ്റ് ഈടാക്കി ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 വിവിധ പദ്ധതികൾക്ക് പണമടവാക്കി - വിനിയോഗ/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കാത്തത്

പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവർത്തികളിൽ വിനിയോഗ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ

| ക്രമ നം | പ്രോജക്റ്റ്, അടങ്കൽ | ചെലവ് | ബിൽ നം. തിയ്യതി | അപാകത |
|---|---|---|---|---|
| 1 | ഐകെഎംന് വിഹിതം 43/17 50000 FC grant | 48457 | 19/16-17 18.1.17 | കൈപ്പറ്റ് രശീതില്ല |

| | | | | |
|---|---|---|---|---|
| 2 | തെരുവു നായ നിയന്ത്രണം 200000 തനത് ഫണ്ട് | 200000 | ചെക്ക് നം5708654/1.3.17 | വിനിയോഗ വിവരമില്ല |

വിനിയോഗ കൈപ്പറ്റ് വിവരങ്ങളുടെ അഭാവത്തിൽ 248457/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-17 വിശദമായ വിനിയോഗവിവരം ലഭ്യമാക്കിയില്ല

2016-17 വർഷം വി ഇ ഒ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറിയെങ്കിലും വിശദമായ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക | ബിൽ നം | റിമാർക്സ് |
|---|---|---|---|---|
| 1. | ഐഎവൈ അധിക വിഹിതം (SC) - 181/17 | 125000<br>50000 | 7/14.3.17<br>12/14.3.17 | എത്ര ഗുണഭോക്താക്കൾ കരാർ വെച്ചുവെന്നോ അവരിൽ എത്ര പേർക്ക് തുക നൽകിയെന്നോ ഉള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ വിവരമില്ല. |
| 2 | ഐഎവൈ അധിക വിഹിതം (എസ് ടി) - 186/17 | 12500 | 8/14.3.17 | |
| 3 | ഐഎവൈ അധിക വിഹിതം (ജനറൽ) - 169/17 | 95750 | 10/14.3.17 | |
| 4 | ഐഎവൈ അധിക വിഹിതം (SC) - 174/17 | 79890<br>110 | 11/18.3.17<br>ch no. 5708656/17.3.17 | |
| 5 | പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ) - 47/17 | 440000 | 9/14.3.17 | |
| | ആകെ | 803250 | | |

മേൽ തുകകളുടെ വിശദമായ വിനിയോഗവിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക

803250രൂപ തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 99900 | ശാരീരിക മാനസിക വെല്ലുവിളികള് നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 99900 | |
| | 2016-17 | 615000 | പാലിന് സബ്സിഡി | 615000 | |
| ജില്ലാ പഞ്ചായത്ത് | 2016-17 | 125000 | ക്ഷീരഗ്രാമം | 125000 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1100 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| റബ്ബർ ബോർഡ് പ്രോമിസറി നോട്ട് എംഎസ് 1170/19.8.1971 | 1000.00 |
| മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഷെയർ 85/29.9.1976 | 100.00 |
| ആകെ | 1100.00 |

### 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 13748/- രൂപ വരവുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദ വിവരം ലഭ്യമല്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2002-03 | 3-5 | 2006-07 | 3.79.17(4) | നടപ്പാത നിർമ്മാണം,വിസിബി റിപ്പയർ - മുൻകൂർ കൈപ്പറ്റിയിട്ടും പണി ആരംഭിച്ചില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48377964 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45062445 |
| വരവിനങ്ങളിലുള്ള നഷ്ടം | 650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 186910 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3059938 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 650 | | രവീന്ദ്രൻ, എൻ സെക്രട്ടറി |
| 3-1 | | 122802 | പ്രദീപ് കുമാർ,അസി.എഞ്ചിനീയർ |
| 3-2 | | 25386 | പ്രദീപ് കുമാർ,അസി.എഞ്ചിനീയർ |
| 3-4 | | 2301 | പ്രദീപ് കുമാർ,അസി.എഞ്ചിനീയർ |
| 3-5 | | 9853 | രവീന്ദ്രൻ.എൻ, സെക്രട്ടറി |
| 3-6 | | 20868 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-7 | | 5700 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| | 650 | 186910 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 175921 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-8 | 1204964 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-9 | 299860 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-10 | 188104 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-11 | 68998 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-12 | 70384 | രവീന്ദ്രൻ.എൻ സെക്രട്ടറി |

| | | |
|---|---|---|
| 3-16 | 248457 | രവീന്ദ്രൻ.എൻ സെക്രട്ടറി |
| 3-17 | 803250 | ജോസ് കുര്യാക്കോസ് വിഇഒ |
| | 3059938 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപ് കുമാർ | അസി.എൻജിനിയർ, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | കിഴക്കേടത്ത്, കിഴക്കോത്ത്, കൊടുവള്ളി |
| രവീന്ദ്രൻ.എൻ സെക്രട്ടറി | സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | നടുത്തൊടികയിൽ, മാമ്പറ്റ പി.ഓ, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | എൽ.എഫ്.പി.6/420/97തി.13.03.97 | 06 |
| 2001-02(DCB) | എൽ.എഫ്.കെ.കെ.ഡി/പി1/ | 04 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി1/35/12 തീ.5.9.12 | 01 |
| 2002-03 | എല്.എഫ്.കെ.കെ.ഡി/പി3 /1087/04തി.05.01.05 | 05 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി1 /35/12(6)തി.2.03.12 | 02 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/എസ്2 /346/09തി.3.6.09 | 01 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/എസ്2 /346/09തി.3.6.09 | 13 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി1 /125(1)2010തി.9.6.10 | 06 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/എസ്2 /1426/09തി.24.03.10 | 20 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി1/825/ തി.3.7.13 | 23 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി1 /1797/12തി.21.11.12 | 05 |

| | | |
|---|---|---|
| 2010-11<br>&11-12 | എൽ.എഫ്.കെ.കെ.ഡി/പി1<br>/1988/14തി.26.12.14 | 06 |
| 2012-13,<br>13-14 | എൽ.എഫ്.കെ.കെ.ഡി/പി1<br>/1164/15തി.14.10.15 | 17 |
| 2014-15 | കെഎസ്എകെകെഡി/ പി1/1391/2016 | 24 |
| 2015-16 | കെഎസ്എകെകെഡി/ പി1/ | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.1/1813/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-15.11.2017

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.1/1813/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 15.11.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Koodarnhi Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Koodarnhi Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.